**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1008** **10-08-2023 - ൽ മറുപടിയ്ക്ക്**

**ഫോറസ്റ്റ് അക്കാദമിയുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനം വകുപ്പ് ഉദ്യോഗസ്ഥരുടെ പരിശീലനത്തിനും വനസംരക്ഷണത്തിനും ഗവേഷണത്തിനുമായി ഫോറസ്റ്റ് അക്കാദമി തുടങ്ങുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ; | (എ) | വനം വകുപ്പ് ഉദ്യോഗസ്ഥരുടെ പരിശീലനത്തിനും, സ്കിൽ ഡെവലപ്മെന്റ് നുമായി തിരുവനന്തപുരം ജില്ലയിലെ അരിപ്പയിൽ ഒരു ഫോറസ്റ്റ് അക്കാദമി തുടങ്ങുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | വനം വകുപ്പ് ജീവനക്കാർക്ക് പരിശീലനം നൽകുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്നും ഏതെല്ലാം കേന്ദ്രങ്ങളിലാണ് അവർക്ക് പരിശീലനം നൽകുന്നതെന്നും വ്യക്തമാക്കാമോ; | (ബി) | വനം വകുപ്പിൽ സേവനമനുഷ്ഠിക്കുന്ന ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർ, ഫോറസ്റ്റ് ഡ്രൈവർമാർ, ബോട്ട് ഡ്രൈവർമാർ, ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാർ, വൈൽഡ് ലൈഫ് അസിസ്റ്റന്റ് ഗ്രേഡ് - II , റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ (പ്രൊമോഷൻ തസ്തിക) എന്നിവർക്ക് നിർബന്ധിത പ്രാഥമിക പരിശീലനവും, വനം വകുപ്പിലെ മുൻനിര ജീവനക്കാർക്കും മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്കും ഹ്രസ്വകാല റീഫ്രെഷർ കോഴ്സുകളും സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയ്നിംഗ് ഇൻസ്റ്റിറ്റ്യൂട്ട് അരിപ്പ, സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയ്നിംഗ് ഇൻസ്റ്റിറ്റ്യൂട്ട് വാളയാർ എന്നീ പരിശീലന കേന്ദ്രങ്ങൾ വഴി നൽകി വരുന്നുണ്ട്.<br><br>ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ പ്രാഥമിക പരിശീലനത്തിൽപ്പെട്ട മൂന്ന് മാസത്തെ പോലീസ് പരിശീലനം, തൃശ്ശൂർ പോലീസ് അക്കാദമി, വിവിധ ബറ്റാലിയനുകൾ എന്നിവ വഴി നൽകി വരുന്നുണ്ട്. |
| (സി) | വനസംരക്ഷണത്തിനും വനഗവേഷണത്തിനുമായി വനം വകുപ്പിന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്കായി പുതിയ കോഴ്സുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നുണ്ടോ; വിശദമാക്കാമോ? | (സി) | നിലവിൽ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ